## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ : * 584 | 08.07.2014-ൽ മറുപടിക്ക്.

### കുറ്റവാളികളുടെ ഓൺലൈൻ ക്രൈം ഡാറ്റാബേസ്

**ചോദ്യം**

ശ്രീ. ഹൈബി ഈഡൻ
ശ്രീ. കെ. ശിവദാസൻ നായർ
ശ്രീ. വി.റ്റി. ബൽറാം
ശ്രീ. കെ. മുരളീധരൻ

**മറുപടി**

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

(എ) കുറ്റവാളികളുടെ ഓൺലൈൻ ക്രൈം ഡാറ്റാബേസ് തയ്യാറാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

: (എ) സംസ്ഥാന പോലീസ് മേധാവിയുടെ 07.09.2013 തീയതിയിലെ ഉത്തരവ് നമ്പർ T5-11238/12 പ്രകാരം സെക്യൂരിറ്റി അലർട്ട് സിസ്റ്റം എന്ന പേരിൽ കുറ്റവാളികളുടെ ഒരു കേന്ദ്രീകൃത ഡേറ്റാ ബേസ് ഉണ്ടാക്കുവാൻ പോലീസ് കമ്പ്യൂട്ടർ സെന്ററിലെ സോഫ്റ്റ് വെയർ വിഭാഗത്തെ ചുമതലപ്പെടുത്തിയതിനനുസരിച്ച് സോഫ്റ്റ് വെയർ തയ്യാറാക്കി ഉപയോഗക്ഷമമാക്കിയിട്ടുണ്ട്.

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

: (ബി) കേരള പോലീസിൽ ഇതുവരെ റിപ്പോർട്ടായ കേസുകളുടെ ഒരു Unified Data Bank ഇല്ലാത്തതു കാരണം ഒരു ജില്ലയിൽ നിന്ന് മറ്റൊരു ജില്ലയിൽ പോയി ക്രൈം കേസുകളിൽ പ്രതികളായാൽ സ്വന്തം ജില്ലകളിൽ അറിയുവാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. Police Clearance certificate, Passport Verification, Job verification എന്നിവ ഇവർക്ക് വളരെ ലാഘവത്തോടെ മറികടക്കാൻ സാധിക്കുന്നു. മറ്റ് ജില്ലകളിൽ ലോങ് പെൻഡിംഗ് വാറണ്ടുകൾ ഉണ്ടായിരുന്നാലും പ്രത്യേകിച്ച് സാമ്പത്തിക കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടാലും ഇത്തരക്കാർക്ക് സ്വന്തം ജില്ലകളിലെ സർക്കാർ ഓഫീസുകളിലും മറ്റും കയറിയിറങ്ങി പുതിയ കുറ്റകൃത്യങ്ങളിൽ പങ്കാളിയാകാൻ കഴിയുന്നു. ഓൺ ലൈൻ ക്രൈം ക്രിമിനൽ ഡാറ്റാബേസ് വഴി ക്രിമിനൽ പശ്ചാത്തലമുള്ള ആളുകളെ ഓൺലൈൻ

വഴി ഏത് പോലീസ് സ്റ്റേഷനിൽ ഇരുന്നുകൊണ്ടും തിരിച്ചറിയാൻ കഴിയുമെന്നതിനാൽ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടവരെ മനസ്സിലാക്കി നിയമനടപടികൾക്ക് വിധേയരാക്കുക, കുറ്റകൃത്യങ്ങളിൽ നിന്നും കുറ്റവാളികളെ പിന്തിരിപ്പിക്കുക അതുവഴി കുറ്റവാളികളിൽ നിന്നും പൊതുജനങ്ങളെ സംരക്ഷിക്കുക എന്നീ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) എന്തെല്ലാം വിവരങ്ങളാണ് ഡാറ്റാബേസിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

: (സി) കുറ്റവാളികളുടെ കേസു വിവരങ്ങൾ, മേൽ വിലാസം, ഏതു തരം കുറ്റകൃത്യമാണ് ചെയ്തിട്ടുള്ളത് തുടങ്ങിയ വിവരങ്ങളാണ് ഡാറ്റാബേസിൽ ഉൾപ്പെടുത്തുന്നത്.

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

: (ഡി) കേരളത്തിലെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലും രജിസ്റ്റർ ചെയ്യുന്ന ഗൗരവ സ്വഭാവമുള്ള കേസ്സുകളിലെ പ്രതികളെ ഉൾപ്പെടുത്തിയാണ് Criminal Data Base ഉണ്ടാക്കുന്നത്. 2013 ജനുവരി ഒന്നാം തീയതി മുതൽ കേരളത്തിലെ എല്ലാ സ്റ്റേഷനുകളിലും റിപ്പോർട്ടാകുന്ന ഇത്തരം കേസുകളെപ്പറ്റിയുള്ള [illegible] സിസ്റ്റത്തിലേക്ക് Data entry ചെയ്തു വരുന്നു. സോഫ്റ്റ് വെയർ ലോഗിൻ ചെയ്യുന്നതിനുള്ള യൂസർ ഐഡികളും, പാസ് വേഡുകളും ഉപയോക്താക്കൾക്ക് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ